**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക് ക്ലസ്റ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളത്തിനായി കണ്ടെത്തി പിന്നീട് സർക്കാർ മിച്ചഭൂമിയാക്കിയ സ്ഥലത്ത് ഇലക്ട്രോണിക് ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ റവന്യൂ വകുപ്പ് എന്തെല്ലാം എതിർപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ പദ്ധതി സ്ഥാപിക്കുന്നതിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 (3) പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് TOFL (Taking Off to the Future Pvt. Ltd.) സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും ഇളവിനായി അപേക്ഷിച്ചിട്ടുള്ള 335 ഏക്കർ ഭൂമിയുടെ തൊണ്ണൂറ് ശതമാനത്തിലധികവും നിലമാണെന്നും. പ്രസ്തുത ഭൂമിയിൽ കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡിന്റെ SM 1/12/KZY, SM 1/15/KZY എന്നീ കേസുകൾ നിലവിലുണ്ടെന്നും മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ CRP(LR) 621/2017, CRP(LR)474/2017 നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുള്ളതുമാണെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചു വരികെ അപേക്ഷകൻ ടി ഭൂമിയിൽ Electronics Manufacturing Cluster സ്ഥാപിക്കുന്ന പദ്ധതി ഉപേക്ഷിക്കുന്നുവെന്നും മറ്റൊരു പദ്ധതിയ്ക്കായുള്ള പ്രപ്പോസലുമായി മുന്നോട്ട് പോകുന്നുവെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചില്ല. |
| (ബി) | ഇത് സംബന്ധിച്ച് വകുപ്പ് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ പദ്ധതി സ്ഥാപിക്കുന്നതിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 (3) പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് TOFL (Taking Off to the Future Pvt. Ltd.) സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും ഇളവിനായി അപേക്ഷിച്ചിട്ടുള്ള 335 ഏക്കർ ഭൂമിയുടെ തൊണ്ണൂറ് ശതമാനത്തിലധികവും നിലമാണെന്നും. പ്രസ്തുത ഭൂമിയിൽ കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡിന്റെ SM 1/12/KZY, SM 1/15/KZY എന്നീ കേസുകൾ നിലവിലുണ്ടെന്നും മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ CRP(LR) 621/2017, CRP(LR)474/2017 നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുള്ളതുമാണെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചു വരികെ അപേക്ഷകൻ ടി ഭൂമിയിൽ Electronics Manufacturing Cluster സ്ഥാപിക്കുന്ന പദ്ധതി ഉപേക്ഷിക്കുന്നുവെന്നും മറ്റൊരു പദ്ധതിയ്ക്കായുള്ള പ്രപ്പോസലുമായി മുന്നോട്ട് പോകുന്നുവെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചില്ല. |

സെക്ഷൻ ഓഫീസർ